**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 335** **18-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ദെലീമ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ബാങ്കുകൾക്ക് നബാർഡ് നൽകുന്ന ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2023-24 വർഷത്തെ നബാർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ ബാങ്കിന്റെ ഗ്രേഡ് 'C' യിൽ നിന്ന് 'B' യിലേയ്ക്ക് ഉയർത്തി നൽകിയിട്ടുണ്ട്. |
| (ബി) | പ്രവർത്തനം മെച്ചപ്പെടുത്തി ഗ്രേഡിംഗ് നില ഉയർത്തുന്നതിന് കേരള ബാങ്ക് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) | ബാങ്കിന്റെ ഓഡിറ്റ്, ഇൻസ്പെക്ഷൻ വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും കൂടാതെ ബാങ്കിന്റെ compliance cell ന്റെ നേതൃത്വത്തിൽ വിവിധ റഗുലേറ്ററി ഏജൻസികളുടെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നത് ഉറപ്പ വരുത്തി. PACS Inspection സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞു. ബാങ്കിന്റെ ഓഡിറ്റ്, ഇൻസ്പെക്ഷൻ പ്രവർത്തനങ്ങൾ സാങ്കേതികവിദ്യാ സഹായത്തോടെ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആർ.ബി.ഐ.-ൽ നിന്നും എൻ.ആർ.ഐ. ബാങ്കിംഗ് ലൈസൻസ്, ഇന്റർനെറ്റ്/തേർഡ് പാർട്ടി ബിസിനസ് ലൈസൻസ് നേടുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (സി) | ആർ.ബി.ഐ യിൽ നിന്നും ഇന്റർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള ലൈസൻസ്, ഇന്റർനെറ്റ് ബാങ്കിംഗിനുള്ള ലൈസൻസ് എന്നിവ നേടുന്നതിന് ബാങ്കിന്റെ ഭാഗത്ത് നിന്നും നിരന്തര ശ്രമങ്ങൾ നടത്തി വരുന്നു. പ്രവർത്തന വളർച്ചയുടെ മികവിൽ NRE/NRO അക്കൗണ്ടുകൾ തുടങ്ങുന്നതിനു വേണ്ടി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ ഉടൻ തന്നെ ബാങ്ക് കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിന്റെ വെളിച്ചത്തിൽ 15.03.2024-ൽ ബാങ്കിന്റെ സ്ഥിതിവിവരങ്ങൾ ഉൾപ്പെടുത്തി നിലവിലെ CASA നിക്ഷേപം വർദ്ധിപ്പിക്കുന്നതോടൊപ്പം ബാങ്കിന്റെ മൊത്തത്തിലുള്ള ബിസിനസ് വളർച്ച മുന്നിൽ കണ്ടു കൊണ്ട് കത്ത് നൽകിയിരുന്നു. 31.03.2024 ലെ ബാങ്കിന്റെ മൊത്തം നിഷ്ക്രിയ ആസ്തി 11.45 ശതമാനവും, അറ്റ നിഷ്ക്രിയ ആസ്തി 6.63 ശതമാനവുമാണ്. ഇത് യഥാക്രമം 7 ശതമാനത്തിനും 3 ശതമാനത്തിനും താഴെ എത്തിച്ചാൽ മാത്രമേ |

| | | | |
|---|---|---|---|
| | | | ഇന്റർനെറ്റ് ബാങ്കിംഗിനുള്ള ലൈസൻസ് ലഭിക്കും. ഇതിനായി തീവ്ര കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെയുള്ള ഏറെ ആകർഷകമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31.03.2025 വരെ നിലവിലുണ്ട്. |
| (ഡി) | ബാങ്കിംഗ് രംഗത്ത് കേരള ബാങ്ക് നടപ്പാക്കുവാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദീകരിക്കുമോ? | (ഡി) | കേരള ബാങ്ക് കോർ ബാങ്കിംഗ് സംയോജനം പൂർത്തിയായതിനെത്തുടർന്ന് വിവിധ ഡിജിറ്റൽ സേവനങ്ങൾ നൽകി വരുന്നു. ഇന്റെർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ട് എന്നിവ ഒഴികെയുള്ള എല്ലാ സേവനങ്ങളും നിലവിൽ ലഭ്യമാണ്. ഇന്റർനെറ്റ് ബാങ്കിംഗ്, NRE/NRO അക്കൗണ്ട് എന്നിവയ്ക്കുള്ള അനുമതി റിസർവ് ബാങ്കിൽ നിന്ന് ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരള ബാങ്കിൽ ലഭ്യമായ ഡിജിറ്റൽ സേവനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ ഇടപാടുകാർക്കും ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ ബഹു ഭൂരിപക്ഷം വരുന്ന ചെറുകിട നാമമാത്ര കർഷകരുടെ ശാക്തീകരണത്തിന് കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ കേരള ബാങ്ക് നടത്തി വരുന്നു. സംസ്ഥാനത്തെ കർഷക സംഘടനകളുമായി സഹകരിച്ച് ആദ്യ ഘട്ടത്തിൽ 100 FPO ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി സംസ്ഥാനത്തുടനീളം കർഷക യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലനം നൽകി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ